## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2235 | 23. 01. 2014 ൽ മറുപടിക്ക്

### ലാഭപ്രഭപദ്ധതിയുടെ ഗുണഭോക്താക്കൾ

ചോദ്യം | ഉത്തരം

ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ. എസ്. ഇ. ബി യുടെ 'ലാഭ പ്രഭ' പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കളെയാണ് തെര ഞ്ഞെടുത്തിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | 'ലാഭപ്രഭ' പദ്ധതിപ്രകാരം സമ്മാനത്തി നായി 4550 ഗുണഭോക്താക്കളെ തെര ഞ്ഞെടുത്തിട്ടുണ്ട്. ഇതിനായി 4550 ഗുണഭോക്താക്കളുടെയും, പരിശോധനയിൽ ഇവരിൽ ആരെങ്കിലും അനർഹരാണെന്ന് കാണുന്നപക്ഷം ഉൾപ്പെടുത്താനായി 250 പേരേയും ചേർത്ത് 4800 പേരടങ്ങുന്ന ലിസ്റ്റ് ബോർഡിന്റെ വെബ് സൈറ്റിൽ (www.kseb.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>ഭരണനിർവഹണ സൌകര്യാർത്ഥം ബോർഡിനെ 23 ഇലക്ട്രിക്കൽ സർക്കിളുക ളായി തിരിച്ചിട്ടുണ്ട്. ഈ സർക്കിൾ തല ത്തിലാണ് ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ആയത് അനുബ ന്ധമായി കൊടുത്തിരിക്കുന്നു. |
| (ബി) | ഇപ്രകാരം തെരഞ്ഞെടുത്തിട്ടു ള്ള ഗുണഭോക്താക്കൾക്ക് എന്തൊക്കെ ആനുകൂല്യങ്ങ ളാണ് ലഭ്യമാക്കിയിട്ടുള്ളതെ ന്നും അറിയിയ്ക്കുമോ; | (ബി) | പദ്ധതിയിൽ അംഗമായ എല്ലാവർക്കും തുട ക്കത്തിൽ എൻറോൾമെന്റ് സമ്മാനമായി ഓരോ സി.എഫ്.എൽവീതം നൽകിയിരുന്നു. മറ്റുള്ള സമ്മാനങ്ങൾ താഴെ പറയും പ്രകാരമാണ്.<br>1) ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച ആദ്യത്തെ 50 പേർക്ക് ഒരു സൌരോർജ്ജാധിഷ്ഠിത ഇൻവർട്ടർ<br>2) ലാഭം വരുത്തിയവരിൽ തുടർന്നുള്ള 4500 പേർക്ക് ഓരോ സൌരോർജ്ജ റാന്തൽ.<br>3) ലാഭം വരുത്തിയ മറ്റുള്ളവർക്കും ഉപഭോഗം വർദ്ധിക്കാതെ പിടിച്ചു നിർത്തിയവർക്കും ഓരോ സി.എഫ്.എൽ വീതം.<br>4) നോ-ലോഡ് ഷെഡ്ഡിംഗ് പദ്ധതിയുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കിയ ഫീഡറുകളുടെ പരിധിയിൽ വരുന്ന എല്ലാ ഉപഭോക്താക്കൾക്കും ഓരോ സി.എഫ്.എൽ വീതം.<br>(ലാഭപ്രഭ പദ്ധതിപ്രകാരം തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്ക് താഴെ പറയുന്ന രീതിയിലാണ് സമ്മാനങ്ങൾ നൽകുമെന്ന് തുടക്കത്തിൽ പ്രഖ്യാപിച്ചിരുന്നത്).<br>1) ആഴ്ച തോറും 50,000 പേർക്ക് സി.എഫ്.എൽ.<br>2) ആഴ്ച തോറും 1000 പേർക്ക് സൌരോർജ്ജ റാന്തൽ (മൊത്തം 5600).<br>3) ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിക്കുന്ന 100 പേർക്ക് ഒരു കിലോവാട്ടിന്റെ സോളാർ ഇൻസ്റ്റലേഷൻ.<br>എന്നാൽ സബ്സിഡി ലഭ്യതയിലെ തടസ്സം, ഗുണഭോക്താവിനുണ്ടാവുന്ന അധിക ചെലവ്, ഊർജ്ജ സംഭരണശേഷി എന്നിവ കണക്കിലെടുത്ത് സോളാർ ഇൻസ്റ്റലേഷനു പകരം സൌരോർജ്ജാധിഷ്ഠിത ഇൻവെർട്ടർ നൽകുന്ന രീതിയിൽ സമ്മാന ഘടനയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (സി) | ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ? | (സി) | എസ്.എം.എസ്. വഴിയാണ് ഉപഭോക്താക്കൾ ലാഭപ്രഭ പദ്ധതിയിൽ രജിസ്റ്റർ ചെയ്തത്. മീറ്റർ റീഡിംഗ് എടുക്കേണ്ട സമയവും ഉപഭോഗം കുറയ്ക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും എസ്.എം.എസ്. വഴി ഉപഭോക്താക്കൾക്ക് നൽകിയിരുന്നു. പദ്ധതി ആരംഭിക്കുന്നതിനു മുൻപുള്ള ശരാശരി ഉപഭോഗത്തിൽ നിന്നും പദ്ധതി കാലയളവിൽ ഉപഭോഗത്തിൽ എത്ര ശതമാനം കുറവ് വരുത്തി എന്നതായിരുന്നു മാന ദണ്ഡം. പദ്ധതിയിൽ ചേർന്നവരുടെ 2013 മെയ്, ജൂൺ മാസങ്ങളിലെ ഉപഭോഗവും കൂടി കണക്കിലെടുത്താണ് കുറവിന്റെ ശതമാനം തിട്ടപ്പെടുത്തിയത് |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നമ്പർ | ഇലക്ട്രിക്കൽ സർക്കിൾ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം (അർബൻ) | 431 |
| 2 | തിരുവനന്തപുരം (റൂറൽ) കാട്ടാക്കട | 165 |
| 3 | കൊല്ലം | 169 |
| 4 | കൊട്ടാരക്കര | 198 |
| 5 | പത്തനംതിട്ട | 194 |
| 6 | കോട്ടയം | 139 |
| 7 | ആലപ്പുഴ | 252 |
| 8 | എറണാകുളം | 282 |
| 9 | പെരുമ്പാവൂർ | 235 |
| 10 | തൊടുപുഴ | 138 |
| 11 | പാലാ | 117 |
| 12 | ഇരിഞ്ഞാലക്കുട | 127 |
| 13 | തൃശ്ശൂർ | 188 |
| 14 | പാലക്കാട് | 119 |
| 15 | മഞ്ചേരി | 254 |
| 16 | കൽപ്പറ്റ | 212 |
| 17 | കോഴിക്കോട് | 233 |
| 18 | കണ്ണൂർ | 176 |
| 19 | കാസറഗോഡ് | 181 |
| 20 | തിരൂർ | 333 |
| 21 | വടകര | 154 |
| 22 | ഷൊർണ്ണൂർ | 94 |
| 23 | ശ്രീകണ്ഠപുരം | 159 |
| **ആകെ** | | **4550** |

സെക്ഷൻ ഓഫീസർ